**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3519** **05-08-2021 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കയം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ; | (എ) | മുണ്ടക്കയം സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം വില്ലേജിൽ ബ്ലോക്ക് നമ്പർ - 5 സർവ്വേ നമ്പർ 446/12 ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലം, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കികൊണ്ട്, 27 .02 .2020 -ൽ ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തു പുതിയ കെട്ടിടം നിർമിക്കുന്നതിന് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നിർമ്മാണ നിർവഹണ ഏജൻസിയായ INKEL Ltd. -ന് 13.03.2020 -ൽ നിർദ്ദേശം നൽകുകയും ഒരു വർഷത്തിനു ശേഷം INKEL 19.03.2020 -ന് പ്രസ്തുത പ്രൊജക്റ്റ് റിപ്പോർട്ട് ട്രഷറി ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവർത്തികളൊന്നും തന്നെ INKEL Ltd. -ന് നൽകേണ്ടതില്ല എന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുള്ള മുണ്ടക്കയം സബ് ട്രഷറിയുടെ നിർമ്മാണത്തിന് DPR തയ്യാറാക്കുന്ന പ്രവർത്തി നിർത്തിവയ്ക്കുന്നതിന് INKEL -ന് 10.02.2021 -ൽ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുള്ള മുണ്ടക്കയം ട്രഷറിയുടെ നിർമ്മാണത്തിന് DPR തയ്യാറാക്കുന്നതിന് മറ്റൊരു അക്രഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയുമാണ്. |
| (ബി) | ഭരണാനുമതി ലഭിച്ച പ്രസ്തുത സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മുണ്ടക്കയം സബ് ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ല. ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ